## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 83 — 26-02-2018 -ൽ മറുപടിക്ക്

## ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ജി.എസ്.ജയലാൽ**<br>**ശ്രീ. എൽദോ എബ്രഹാം** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | ഓഖി ദുരന്തത്തിനു സമാനമായ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ കരുതൽ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | എ) | ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. രമൺ ശ്രീവാസ്തവ ഐ.പി.എസ് (റിട്ട.) അദ്ധ്യക്ഷനായ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലനിൽക്കുന്ന സംവിധാനങ്ങൾ സമഗ്രമായി പരിഷ്കരിക്കുന്നതാണ്. ദുരന്ത നിവാരണ അതോറിറ്റിയുടെ മേഖല ഓപ്പറേഷൻ സെന്റർ എറണാകുളത്ത് സ്ഥാപിക്കുന്നതിനും മറ്റു ജില്ലകളിൽ ജില്ലാതല എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന പോലീസ്, ഫയർ ഫോഴ്സ്, റവന്യൂ, ഫിഷറീസ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും കേന്ദ്ര സേനകളായ കോസ്റ്റ് ഗാർഡ്, വ്യോമ, നാവിക സേനകളുടെയും സേവനം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുന്നതാണ്. തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോടു ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ 'നാവിക്' 500 മത്സ്യ ബന്ധന യാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഈ സംവിധാനം സ്ഥാപിക്കു ന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരദേശ അതിർത്തി വിട്ട് 1500 കി.മി വരെ ഈ സംവിധാനത്തിലൂടെ വിവരം മത്സ്യ തൊഴിലാളികൾക്ക് ലഭ്യമാകും. കടലിൽ പോകുന്ന അവസരത്തിലും തിരികെ വരുമ്പോഴും മത്സ്യതൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുവാനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ മത്സ്യതൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 145788 മത്സ്യതൊഴിലാളികളുടെ ഫോൺ നമ്പറുകൾ ശേഖരിച്ചിട്ടുണ്ട്. മത്സ്യബന്ധന യാനത്തിന്റെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ആട്ടോമാറ്റിക്ക് വെസൽ ട്രാക്കിംഗ് സംവിധാനം 215 മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് സുരക്ഷാ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങൾ നേരിടുന്നതിനായി ഫിഷറീസ് വകുപ്പിൽ ഒരു കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കി. അന്തർദേശീയ കടൽ ചട്ടങ്ങൾ അനുസരിച്ചുള്ള കൊടികൾ, ലൈറ്റ്, പ്രദർശന ബോർഡുകൾ എന്നീ സംവിധാനങ്ങൾ തുറമുഖങ്ങൾ ഫിഷ് ലാന്റിംഗ് സെന്റേഴ്സ് എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ തീരുമാനിച്ചു |
| ബി) | ദുരന്തസാധ്യത പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (എൻ.സി.ആർ.എം.പി) ഉപയോഗ പ്പെടുത്തി തീരദേശത്ത് 27 സൈക്ലോൺ ഷെൽറ്റേഴ്സ് നിർമ്മിക്കുന്നതിനും തീര പ്രദേശത്ത് മുന്നറിയിപ്പ് നൽകുന്നതിനും പൊതുജനങ്ങളെ ശാക്തീകരിക്കുന്നതിനുമുള്ള പദ്ധതി നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| സി) | ദുരന്തപ്രതിരോധ ബോധവല്ക്കരണത്തിനും പരിശീലനത്തിനും കൂടുതൽ ശ്രദ്ധ നല്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ഉപയോഗപ്പെടുത്തി തീരദേശത്ത് പൊതുജനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 800 സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പരിശീലനവും ബോധവൽക്കരണവും നടത്തി. |

സെക്ഷൻ ഓഫീസർ